CCM( 26) 2014-15

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**10.12.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 4 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും യോഗത്തിൽ സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.12.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014–15 സാമ്പത്തിക വർഷം ഇതുവരെ ആകെ 1580 കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 920 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 25.21 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവിന്റെ ശതമാനം 27.09 ആണ്. ബ്ലോക്ക് പഞ്ചായത്തുകൾ 196 കോടി രൂപയും (42.67ശതമാനം, മുൻവർഷം 45.60ശതമാനം), ജില്ലാ പഞ്ചായത്തുകൾ 260കോടി രൂപയും (20.95 ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 139കോടി രൂപയും (24.30 ശതമാനം, മുൻ വർഷം 23.80. ശതമാനം), കോർപ്പറേഷനുകൾ 64കോടി രൂപയും (18.20 ശതമാനം, മുൻ വർഷം 21 ശതമാനം) ആണ് ചെലവഴിച്ചത്.

**2.2** തദ്ദേശഭരണ സ്ഥാപനങ്ങൾ ട്രഷറികളിൽ സമർപ്പിക്കുന്ന ബില്ലുകൾ യഥാസമയം മാറിക്കിട്ടാത്തതിനാൽ പദ്ധതി ചെലവുകളിൽ സാരമായ കുറവു വരുന്നതായി വിമർശനമുണ്ടായിരിക്കുന്നത് യോഗം വിശദമായി ചർച്ച ചെയ്തു. സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലെന്നും, ഓരോ തദ്ദേശഭരണ സ്ഥാപനവും ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലിലെ തുകയ്ക്ക് ഉയർന്ന പരിധിയുള്ളതാണ് ആശയക്കുഴപ്പത്തിന് കാരണമെന്നും ധനവകുപ്പ് പ്രതിനിധി വിശദീകരിച്ചത് യോഗം അംഗീകരിച്ചു. പട്ടികവർഗ്ഗ ഉപപദ്ധതി(TSP)യിൽ ഉൾപ്പെടുന്ന ഓരോ ബില്ലിനും 1 കോടി രൂപയും, മറ്റുള്ളവയ്ക്ക് 50 ലക്ഷം രൂപയുമാണ് ഉയർന്ന പരിധി. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ഈ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഒരു ദിവസം തന്നെ എത്ര ബില്ലുകൾ വേണമെങ്കിലും ട്രഷറിയിൽ സമർപ്പിക്കാവുന്നതും അവ മാറിക്കിട്ടുന്നതുമാണ്.

**2.3** കേരളത്തിലെ ഏക ട്രൈബൽ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയുമായി ബന്ധപ്പെട്ട പത്ര വാർത്തകളും ഉദ്യോഗസ്ഥ തലത്തിലുള്ള റിപ്പോർട്ടുകളും യോഗം ചർച്ച ചെയ്യുകയും പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ച് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ മാത്രമായി താഴെപ്പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. അടിയന്തിര സാഹചര്യങ്ങളിൽ രോഗികളെയും അപകടങ്ങളിൽപ്പെടുന്നവരെയും ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സയ്ക്കും കൂട്ടിരിപ്പുകാർക്കും ഉണ്ടാകുന്ന കണ്ടിജൻസി ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ്

ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ ഉയർന്ന പരിധി നിശ്ചയിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2. പൊതുമരാമത്ത് പ്രവൃത്തികൾക്ക് തലച്ചുമട് വേണ്ടി വരുന്ന ഇനങ്ങളുമായി ബന്ധപ്പെട്ട പ്രാദേശിക നിരക്കുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കിയശേഷം നിശ്ചയിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.
3. ഗ്രാമപഞ്ചായത്തിന്റെ വാഹനം പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കല്ലാതെ മറ്റു വകുപ്പുകളുടെ ജോലികൾക്കായി മേലിൽ വിട്ടു നൽകേണ്ടതില്ല.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**(ഫയൽ നം.70654/ഡി.എ2/14/തസ്വഭവ)**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കുടിശ്ശിക വേതനം നൽകുന്നതിന് പഞ്ചായത്തുകളുടെ 2013-14-ലെ പദ്ധതി വിഹിതം ഉപയോഗിക്കുകയും, ഇപ്പോൾ പ്രസ്തുത തുക തിരിച്ചു കിട്ടുകയും ചെയ്ത സാഹചര്യത്തിൽ അത് ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ അനുമതി നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും, ആയതിന് പ്രത്യേക അനുമതി ആവശ്യമില്ലെന്നും, എല്ലാ പഞ്ചായത്തുകളും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതിയ പദ്ധതികൾ രൂപീകരിച്ച് ഡി.പി.സി.യുടെ അംഗീകാരം വാങ്ങുന്നുണ്ടെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 85907/ഡി.എ2/14/തസ്വഭവ

2014-15 വാർഷിക പദ്ധതിയിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായവും സ്കോളർഷിപ്പും നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും എസ്.സി./എസ്.റ്റി വകുപ്പുകൾ മുഖേന പ്രസ്തുത ധനസഹായവും സ്കോളർഷിപ്പും നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 85042/ഡി.എ2/14/തസ്വഭവ

ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി യുവതീ യുവാക്കൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ കോഴ്സുകൾ നടപ്പിലാക്കേണ്ടതില്ലെന്ന് യോഗം നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

പ്രകൃതിക്ഷോഭ – വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം അനുവദിച്ച ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ നിർവഹണത്തിന് അതിനായി നിർദ്ദേശിക്കപ്പെട്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 87539/ഡി.എ2/14/തസ്വഭവ

2014-15 വാർഷിക പദ്ധതിയിൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് എസ്.സി. വിഭാഗത്തിലെ യുവാക്കൾക്ക് JCB/Crane/Fork lift Training എന്ന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 49151/ഡി.ബി3/14/തസ്വഭവ**

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ജങ്കാർ സർവീസ് റിപ്പയറിംഗിന് ചെലവായ 1 കോടി 40 ലക്ഷം രൂപയും, ഭാവി ആവശ്യങ്ങൾക്കായി മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)ൽ ഉൾപ്പെടുത്തി അധിക തുകയും അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ഭരണ വകുപ്പ്തലത്തിൽ നടപടിയെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 85044/ഡി.എ2/14/തസ്വഭവ**

2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടിക വർഗ വിഭാഗങ്ങൾക്ക് 29000 രൂപ ചെലവിൽ റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാട്ടർ ടാങ്ക് വാങ്ങി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 വൈത്തിരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 85654/ഡി.എ2/14/തസ്വഭവ**
**(ബഹു.എം.എൽ.എ. ശ്രീ.എം.വി ശ്രേയാംസ് കുമാറിന്റെ കത്ത്)**

ദേശീയ പാതയുടെ നവീകരണത്തിന് വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി തനത് ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ദേശീയ പാത അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടത്, ദേശീയ പാത നവീകരണം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യമായതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 70677/ഡി.എ2/14/തസ്വഭവ**

"ഭിന്ന ശേഷിയുള്ളവർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ" എന്ന പ്രോജക്ട് 2014–15 വർഷവും നടപ്പാക്കാൻ അനുമതി നൽകണമെന്ന ആവശ്യം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിർവഹണം നടത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പേരയം ഗ്രാമപഞ്ചായത്ത്**

മൃഗാശുപത്രി കെട്ടിട നിർമ്മാണവും ചുറ്റുമതിൽ നിർമ്മാണവും എന്ന സ്പിൽഓവർ പ്രോജക്ടിന്റെ പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കണമെന്ന ആവശ്യംപരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.61087/ഡി.എ1/14/തസ്വഭവ)**
**(ബഹു.ജലസേചന വകുപ്പ്മന്ത്രി മുഖാന്തിരം സമർപ്പിച്ചത്)**

ഇളംദേശം ലക്ഷം വീട് കോളനി റോഡ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതി നടപ്പിലാക്കാനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം സംയുക്ത പദ്ധതികൾ സംബന്ധിച്ച മാർഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ "ആരൂഢം" ശിശു പരിപാലന-ശിശു വികസന പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്തതാണെന്ന അക്കൗണ്ടന്റ് ജനറലിന്റെ 17.10.2014-ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്മേൽ ഭരണ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 അലനല്ലൂർ ഗ്രാമപഞ്ചായത്ത്**

2014-15 വർഷത്തെ പദ്ധതിയിലെ ഏതാനും പ്രോജക്ടുകൾ ഒരു തവണ ഭേദഗതി ചെയ്തത് വീണ്ടും ഭേദഗതി വരുത്താനുള്ള ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ബഹു. എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കത്ത്**

തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് വിഭവസമാഹരണം നടത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭാവന നൽകണമെന്ന ആവശ്യം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കോട്ടയം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള ഹൈസ്ക്കൂൾ- ഹയർസെക്കൻഡറി സ്ക്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് കമ്പ്യൂട്ടർ വാങ്ങി നൽകാനുള്ള ആവശ്യം ഐ.കെ.എം. ന്റെ സ്പെസിഫിക്കേഷനിൽ കെൽട്രോൺ വഴി വാങ്ങി നൽകണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

സോളാർ ലൈറ്റുകൾ സ്ഥാപിക്കാനുള്ള പ്രോജക്ട് അംഗീകരിക്കേണ്ടതില്ലെന്നും, വികലാംഗർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ നൽകാനുള്ള പ്രോജക്ട് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന് വിധേയമായി അംഗീകരിക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ ഫിലിം ഫെസ്റ്റിവൽ, സാംസ്ക്കാരിക കലാ സമ്മേളനം പ്രതിഭകളെ ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുള്ള പ്രോജക്ട് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 തൃശൂർ ജില്ലാ പഞ്ചായത്ത്**

പാലിയേറ്റീവ് കെയർ ഹോം സർവീസിനായി 8 വാഹനം വാങ്ങി നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 5***ന്*** അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2014 ഡിസംബർ 17ന് വൈകുന്നേരം 3.30ന് ബഹു. പഞ്ചായത്ത്‌വകുപ്പുമന്ത്രിയുടെ അസംബ്ലി ചേംബറിൽ കൂടുന്നതാണ്.***